## 1077

1 ക്രിസ്തുവിൻ ധീരസേനകളെ! കൂടിൻ തന്നനുയായികളേ!
എന്തിനു ഭീതി ജയിക്കും നാം-ജയി... (5)
ഏതു വിപത്തിലും തോൽക്കാതെ ജയിക്കും നാം-

2 നമ്മുടെ നാഥൻ നല്ലവൻ വൈരികളേക്കാൾ വല്ലഭൻ
തൻ കരബലത്താൽ ജയിക്കും നാം-ജയി... (5)
തന്ത്രമെഴും വൻ സാത്താനെ ജയിക്കും നാം-

3 ധരയിൽ ക്ലേശം നമുക്കുണ്ട് ദിനവുമെടുപ്പാൻ കുരിശുണ്ട്
ബലം തരുവാനവനടുത്തുണ്ട് ജയിക്കും നാം-ജയി... (5)
മരണനിഴലിലുമഞ്ചാതെ-ജയിക്കും നാം-

4 ശോകം തീർക്കും സന്ദേശം ലോകം ജയിക്കും സുവിശേഷം
ചൊല്ലാൻ വേണ്ട ഭയലേശം ജയിക്കും നാം-ജയി... (5)
വെല്ലുവിളിപ്പിൻ വൈരികളെ ജയിക്കും നാം-

5 ലൗകിർ കണ്ടാൽ ബലഹീനർ, ഭൗതികർ പാർത്താൽ ദയനീയർ
ദൈവികദൃഷ്ടിയിൽ ഗണനീയർ ജയിക്കും നാം-ജയി... (5)
കൈവിടുകയില്ലവനൊരുനാളും ജയിക്കും നാം- **M.E.C.**